# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *319

13/10/2011 ൽ മറുപടിക്ക്

## പാചക വാതക ദൗർലഭ്യം പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ് | ശ്രീ. ടി.എം.ജേക്കബ് (ഭക്ഷ്യവും, സിവിൽ സ്പ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതക ലഭ്യതയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഗാർഹിക ആവശ്യങ്ങൾക്കുള്ള എൽ. പി.ജി. സിലിണ്ടറുകൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഇതു തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (സി) ഗാർഹിക എൽ.പി.ജി സിലിണ്ടറുകൾ യഥാർത്ഥ ഉപഭോക്താവിന്റെ പക്കൽ എത്തിച്ചേരുന്നത് ഉറപ്പാക്കാനായി 'ഡോർ ടു ഡോർ ഡെലിവറി സിസ്റ്റം' ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്യാസ് ഏജൻസികൾ ഗാർഹിക സിലിണ്ടറുകൾ മറിച്ച് വിൽക്കുന്നത് തടയുന്നതിനായി ഏജൻസിതലത്തിൽ സോഷ്യൽ മോണിട്ടറിംഗ് കമ്മറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഗാർഹിക എൽ.പി.ജി സിലിണ്ടറുകൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി ഹോട്ടൽ, റെസ്റ്റോറന്റുകൾ മുതലായ സ്ഥലങ്ങളിൽ നിരന്തരം പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത് കൂടാതെ ഓയിൽ കമ്പനികൾ തങ്ങളുടെ ഏജൻസികളിൽ പതിവായി പരിശോധനയും നിരീക്ഷണവും നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പാചകവാതക ദൗർലഭ്യം പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | പാചകവാതക ക്ഷാമം പരിഹരിക്കുന്നതിനായി ഓയിൽകമ്പനികളുടെ ബോട്ടിലിംഗ് പ്ലാന്റുകളിൽ ഉൽപാദനം പരമാവധി വർദ്ധിപ്പിക്കുവാനും ആവശ്യമെങ്കിൽ ഞായറാഴ്ച ഉൾപ്പെടെയുള്ള അവധി ദിവസങ്ങളിൽ പ്രവൃത്തിയെടുത്ത് ക്ഷാമം പരിഹരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഓയിൽക്കമ്പനികളുടെ സംസ്ഥാന തല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.